(ബി) ലാഭപ്രഭയിൽ സമ്മാനമായി എത്ര സൗരറാന്തലുകളാണ് വിതരണം ചെയ്തത് ;

(സി) എത്ര സ്കൂളുകളിലാണ് സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ചത് ; ഇവ എവിടെയെല്ലാമാണ് എന്നറിയിക്കുമോ ?

ഉത്തരം

(എ&ബി) ലാഭപ്രഭ 2013 (സീസൺ-1) പദ്ധതിയിൽ രജിസ്റ്റർചെയ്ത 1,39,101 പേർക്ക് സി.എഫ്.എൽ. സൗജന്യമായി നൽകിയിട്ടുണ്ട്. കേന്ദ്ര സർക്കാർ 2011-ൽ നടപ്പാക്കിയ ബജത് ലാമ്പ് യോജന പദ്ധതിയുടെ ഭാഗമായി നേരത്തേതന്നെ സർക്കിൾ ഓഫീസുകളിൽ സ്റ്റോക്കുണ്ടായിരുന്ന സി.എഫ്. ലാമ്പുകളാണ് ലാഭപ്രഭയിൽ ചേർന്നവർക്ക് വിതരണം ചെയ്തത്. അതിനാൽ സി.എഫ്. ലാമ്പുകൾ സമ്മാനമായി നൽകുന്നതിന് പ്രത്യേക ചെലവ് ഉണ്ടായിട്ടില്ല. ലാഭപ്രഭ 2014 (സീസൺ-2) പദ്ധതിയിൽ 1,93,000 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവർ ഓരോരുത്തർക്കും ഓരോ സി.എഫ്.എൽ. നൽകാനുള്ള നടപടി പുരോഗമിക്കുന്നു. ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ വിതരണം പൂർത്തിയാക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) സ്കൂളുകളിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുമെന്നറിയിച്ചത് ലാഭപ്രഭ 2014 (സീസൺ-2)ന്റെ ഭാഗമായാണ്. ഈ പദ്ധതിയുടെ സമ്മാനാർഹരെ നിശ്ചയിക്കാനായി വൈദ്യുതി ഉപഭോഗത്തിലുണ്ടായ വ്യത്യാസം കണക്കാക്കുന്നത് 2 വൈദ്യുതി ബില്ലുകളിലെ ഉപഭോഗത്തിലുണ്ടായ കുറവ് പരിഗണിച്ചാണ്. പുതിയ അദ്ധ്യയനവർഷം തുടങ്ങിയശേഷം രണ്ടാമത്തെ വൈദ്യുതി ബില്ലിന്റെ കോപ്പിയും പദ്ധതിയിൽ പങ്കാളികളായ കുട്ടികളുടെ വിവരങ്ങളും അതാത് സ്കൂളുകളിൽനിന്ന് ലഭിച്ചശേഷം മാത്രമേ സമ്മാനാർഹരെ കണ്ടെത്താൻ കഴിയൂ.

റെയിൽവേയുടെ അവഗണന

64 (6515) ശ്രീ. എ. കെ. ബാലൻ :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റെയിൽവേ വൻതോതിൽ യാത്രാ-ചരക്കുകൂലികൾ വർദ്ധിപ്പിച്ചതുമൂലം സംസ്ഥാനത്തുണ്ടാകുന്ന പ്രത്യാഘാതങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) അടിസ്ഥാനസൗകര്യവികസനത്തിനും മറ്റും പണം കണ്ടെത്തലാണ് ചാർജുവർദ്ധനയ്ക്കുള്ള കാരണമായി പറയുമ്പോഴും നാളിതുവരെയുള്ള വർദ്ധനവിലൂടെ സംസ്ഥാനത്ത് അവശ്യംവേണ്ടുന്ന സൗകര്യങ്ങളൊന്നുംറെയിൽവേ ഏർപ്പെടുത്തുകയുണ്ടായില്ല എന്ന കാര്യം കേന്ദ്ര സർക്കാരിന്റെശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) നിരക്ക് വർദ്ധനവിലൂടെ ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന റെയിൽവേ സംസ്ഥാനത്ത് മുൻബജറ്റുകളിൽ പ്രഖ്യാപിച്ച പദ്ധതികൾപോലും നടപ്പിലാക്കാതെ സംസ്ഥാനത്തോട് അവഗണന കാട്ടുകയാണെന്നകാര്യത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ഈ നിരക്ക് വർദ്ധനവ് നിത്യോപയോഗസാധനങ്ങൾക്ക് മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന ഒരു ഉപഭോഗ സംസ്ഥാനമായ കേരളത്തിൽ എല്ലാ അവശ്യസാധനങ്ങളുടെ വിലവർദ്ധനയ്ക്കും ക്ഷാമത്തിനും കാരണമാകുമെന്നും അന്യസംസ്ഥാനങ്ങളിൽ വിദ്യാഭ്യാസത്തിനും തൊഴിലിനുമായി പോയിവരുന്ന നമ്മുടെ നാട്ടിലെ സാധാരണക്കാർക്ക് ഇത് വലിയ തിരിച്ചടിയുമാകുമെന്നും കാണുന്നു.

(ബി) ഉണ്ട്.

(സി) സംസ്ഥാനത്തിന്റെ റെയിൽവേ വികസനത്തിന് ആവശ്യമായ പദ്ധതികൾ സാധാരണ റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയാണ് ചെയ്യുന്നത്. എന്നാൽ അവ നടപ്പിലാക്കുന്നതിന് ആവശ്യമായ ഫണ്ട് വകയിരുത്താത്തതിനാൽ പദ്ധതികൾ യഥാസമയം നടപ്പിലാക്കുന്നതിന് കാലതാമസം വരുന്നുണ്ട്. റെയിൽവേ ബോർഡ് അംഗീകരിച്ച പദ്ധതികൾ, ഗേജ്മാറ്റം, പാത ഇരട്ടിപ്പിക്കൽ, അവയോട് ബന്ധപ്പെട്ട സ്ഥലമേറ്റെടുക്കൽ എന്നിവയ്ക്ക് ആവശ്യമായ ഫണ്ട് ലഭ്യമാക്കാറില്ല എന്ന് കണ്ടതിനാൽ പണികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കൃത്യമായ ഫണ്ട് ലഭ്യത ഉറപ്പാക്കണമെന്ന് ഫണ്ട് വകമാറ്റുന്ന പ്രവണത നിരുത്സാഹപ്പെടുത്തണമെന്നും സംസ്ഥാനത്തിന്റെ പ്രധാന റെയിൽവേ ആവശ്യങ്ങൾ നടപ്പിലാക്കാനാവശ്യമായ നടപടികളും വകയിരുത്തലുകളും ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ നവംബർ 2013-ൽ സമർപ്പിച്ച മെമ്മോറാണ്ടത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ പാലക്കാട് കോച്ച് ഫാക്ടറി പദ്ധതി, ആലപ്പുഴയിലെ വാഗൺ ഫാക്ടറി, പെനിൻസുലാർറെയിൽവേ സോൺ, തിരുവനന്തപുരത്ത് മെഡിക്കൽ കോളേജും ഒ.പി.ഡി. & ഡയഗ്നോസ്റ്റിക് സെന്ററും, മൈ, പാത ഇരട്ടിപ്പിക്കൽ, പാത വൈദ്യുതീകരണം. പാതയുടെ ഗേജ്മാറ്റം, അങ്കമാലി ശബരി പുതിയ റെയിൽവേ ലൈനിന്റെ നിർമ്മാണം, മറ്റ് പുതിയ ലൈനുകളുടെ സർവ്വേ/നിർമ്മാണം, നേമത്തും കോട്ടയത്തും കോച്ചിംഗ് ഡിപ്പോകൾ, റെയിൽവേ ഓവർബ്രിഡ്ജുകളുടെ നിർമ്മാണം, ആട്ടോമാറ്റിക് സിഗ്നലിംഗ് സംവിധാനം, ആട്ടോമാറ്റിക് ബ്ലോക് സിഗ്നൽ, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് റെയിൽവേ സ്റ്റേഷനുകൾ ലോകനിലവാരത്തിലേക്കുയർത്തുന്നത്, സബർബൻ റെയിൽ പദ്ധതി എന്നിവ 2014-15-ൽത്തന്നെ നടപ്പിലാക്കാനാവശ്യമായ നടപടികളും വകയിരുത്തലുകളും സംബന്ധിച്ചും ടി മെമ്മോറാണ്ടത്തിൽ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ടി കാര്യങ്ങൾ 30-5-2014-ലെ ബഹു. മുഖ്യമന്ത്രിയുടെ കത്തുകൾവഴി പുതിയ പ്രധാനമന്ത്രിയേയും റെയിൽവേ മന്ത്രിയേയും അറിയിച്ചിട്ടുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly